(എ) നഗരവികസനത്തിന്റെ ഭാഗമായി കേരളത്തിലെ ഒട്ടേറെ പട്ടണങ്ങളിൽ സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങൾ വർഷങ്ങളായി മരവിപ്പിച്ചു നിർത്തുന്നതുകൊണ്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരസഭകൾ വിവിധ ആവശ്യങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞിട്ടും അതേ പദ്ധതികൾക്കായി ഫ്രീസിംഗ് നിലനിർത്തി സ്ഥലമുടമകളെ പ്രയാസപ്പെടുത്തുന്ന സ്ഥിതി വിശേഷം നിലനിൽക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓരോ നഗരത്തിലേയും ഫ്രീസിംഗ് സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് പുതുക്കിയ നഗരാസൂത്രണ പ്ലാനുകൾ അംഗീകരിച്ച് അനാവശ്യമായ ഫ്രീസിംഗ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഗരവികസനത്തിന്റെ ഭാഗമായി വിവിധ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ വിവിധ നഗരവികസന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശങ്ങളെ പല മേഖലകളായി തിരിച്ച് വികസന പ്രവർത്തനങ്ങൾ നിയന്ത്രിച്ചുവരുന്നു. സോണിംഗ് റെഗുലേഷൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രസ്തുത സ്ഥലത്ത് അനുവാദം നൽകുന്നുണ്ട്. അതിനാൽ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം മരവിപ്പിച്ചിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല.

(ബി) നഗരസഭകൾ വിവിധ ആവശ്യങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞുള്ള സ്ഥലങ്ങൾ സ്ഥലമുടമകൾക്ക് വിട്ടുകൊടുക്കുകയും ടൗൺ പ്ലാനിംഗ് സ്കീമുകൾ പുനരാവിഷ്കരിക്കുമ്പോൾ മാറ്റം വരുത്തുകയും ചെയ്യുന്നുണ്ട്.

(സി) ഓരോ നഗരത്തിനുവേണ്ടിയും തയ്യാറാക്കിയിരിക്കുന്ന സ്കീമുകൾ അതാത് നഗരസഭാ കൗൺസിലുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്.

നഗര വികസനത്തിന് ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും വാങ്ങുന്ന വായ്പയുടെ വിശദാംശങ്ങൾ

51 [5892] ശ്രീ. പി. ജയരാജൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരവികസനത്തിന് ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിൽ നിന്നും വാങ്ങുന്ന വായ്പയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എ. ഡി. ബി. കരാർ പ്രകാരമുള്ള നഗരവികസന പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നഗര വികസന പ്രവർത്തനങ്ങളുടെ ഭാഗമായി നഗരപ്രദേശത്തെ ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള അധിക നികുതി ചുമത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) പ്രസ്തുത വായ്പ സംബന്ധിച്ച് എ. ഡി. ബി.-യുമായി സർക്കാർ കരാർ ഒപ്പിട്ടിട്ടില്ല. ഈ വായ്പയുടെ വ്യവസ്ഥകളും അന്തിമമായി അംഗീകരിച്ചിട്ടില്ല.

(സി, ഡി) ചോദ്യമുദിക്കുന്നില്ല.

കിലയുടെ പ്രവർത്തനങ്ങൾ

52 [5893] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)-യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ജനപ്രതിനിധികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഏതെല്ലാം തരത്തിലുള്ള എന്തെല്ലാം വിഷയങ്ങളെ സംബന്ധിച്ച പരിശീലനങ്ങളും ക്ലാസ്സുകളുമാണ് കിലയിൽ നൽകിവരുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) കിലയിൽ ഏതെല്ലാം ഫാക്കൽറ്റികളിലായി എത്ര പരിശീലകരുടേയും അദ്ധ്യാപകരുടേയും ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) കിലയ്ക്ക് തിരുവനന്തപുരത്തും കോഴിക്കോടും റീജിയണൽ സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന പരിശീലനം നൽകുക, പഞ്ചായത്ത് രാജുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ, സെമിനാറുകൾ, ശില്പ ശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുക മുതലായവയാണ് കിലയുടെ പ്രധാന പ്രവർത്തനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly